**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **26-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാനുവലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധനകൾ നടത്തുന്നത്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ തന്നെ പ്രവൃത്തികളുടെ ഗുണ നിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനകളാണ് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നത്. പണി നടക്കുന്ന സ്ഥലത്ത് പോയി സാമ്പിൾ ശേഖരിച്ച് ഫീൽഡിൽ വച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽ വച്ചും ലാബ് ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ട് വന്നും പരിശോധിക്കുന്നു. Quality Control Manual വ്യവസ്ഥകൾ അനുസരിച്ച് തൃപ്തികരമായ റിസൽറ്റ് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെയും എക്സിക്യൂഷൻ വിഭാഗത്തെയും യഥാസമയം അറിയിക്കുന്നു. പണി പൂർത്തിയായതിനു ശേഷമാണ് മൂന്നാം ഘട്ട പരിശോധനകൾ നടത്തുന്നത്. പണി പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബുകളിലേക്ക് Non Destructive Test (NDT) നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സൈറ്റിൽ വച്ചു തന്നെ എല്ലാ ലബോറട്ടറി |

| | | | |
|---|---|---|---|
| | | | പരിശോധനകളും നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബ് 3 റീജിയണൽ ലാബുകളിലേക്ക് വാങ്ങുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ